MARTHOMA HSS
PATHANAMTHITTA




# സൃഷ്ടി
# 2024

## ഉള്ളടക്കം

1.ആമുഖം

2. എഡിറ്റോറിയൽ ബോർഡ്

3. എഡിറ്റോറിയൽ റിപ്പോർട്ട്

4. ആശംസ

5.ഐക്യമത്യം മഹാബലം

6. പടയണിയിലൂടെ

7. പൊതുവിവരം - പെൻഗ്വിൻ

9. ജെ കെ റൗലിങ്ങിന്റെ വിജയഗാഥ

10. പ്രശ്നവും പരിഹാരവും

11. തോൽവി വിജയമാക്കിയ എബ്രഹാം  ലിങ്കൺ

12. തോൽവികളിൽ നിന്ന് ഒരു വിജയം

13.  അമ്മ

14.  ഒരു വേനൽ അവധിക്കാലം

15. കന്യാകുമാരിയിയിലേക്ക്

16. പഴഞ്ചൊല്ലുകൾ

17. ഊട്ടിയിലേക്കൊരു യാത്ര

18. ചുറ്റിലും കണ്ണോടിക്കു

19. വളർത്തു നായയും ചെന്നായയും

20. ക്വിസ്

21. റാന്നി വഴി ളാഹയിലേക്ക്

22. വെട്ടം

23. ചിത്രരചന

24. നന്ദി.....................................

# ആമുഖം

ടെക്നോളജി അനുദിനം വളരുകയാണ്. അതിന്റെ സാധ്യതകളും കൂടിവരുന്നു. പഴയകാലത്ത് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടമുള്ള വിനോദം വായനയായിരുന്നു.അവർ ഒഴിവു സമയങ്ങളിൽ വായന ഒരു ശീലമാക്കി. അന്ന് വായനയുടെ പ്രാധാന്യം വളരെ വലുതായിരുന്നു. പഴയകാലത്തെ മുത്തശ്ശന്മാരും മുത്തശ്ശിമാരും പത്രം വായിച്ചു കൊണ്ടാണ് അവരുടെ ഒരു ദിവസം ആരംഭിച്ചിരുന്നത്. എന്നാൽ ഇന്നത്തെ കാലത്ത് മുതിർന്നവരും കുട്ടികളും മൊബൈൽ ഫോൺ നോക്കിയാണ് എഴുന്നേൽക്കുന്നത്  തന്നെ. സമൂഹമാധ്യമങ്ങളില്ലാതെ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് മനുഷ്യർക്ക്. ഈ കാരണം കൊണ്ട് വായനയുടെ പ്രാധാന്യം കുറഞ്ഞുവരികയാണ്. ഇവിടെയാണ് ഡിജിറ്റൽ മാഗസിന്റെ  പ്രസക്തി. കുട്ടികളെ വായനയുടെ മാന്ത്രികലോകത്തിലേക്ക് കൊണ്ടുവരുക,വായനയുടെ പ്രാധാന്യം അവർക്ക് മനസ്സിലാക്കി കൊടുക്കുക എന്നതാണ് ഈ ഡിജിറ്റൽ മാഗസിന്റെ ലക്ഷ്യം.  'സൃഷ്ടി 2024.' എന്ന ഈ ഡിജിറ്റൽ മാഗസിന് അതിന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്



ഗൗതം കൃഷ്ണ ആർ
IX B



സോഹൻ മാത്യു
IX B



ആൻസി മാത്യു
IX C



നൗഫിയ നൗഷാദ്
IX C

# എഡിറ്റോറിയൽ റിപ്പോർട്ട്

ടെക്നോളജി ഇത്രയും വികസിച്ച ഈ കാലത്ത് വായന വളരെ കുറഞ്ഞിരിക്കുന്നു. ആർക്കും വായിക്കാൻ സമയമില്ലാതായിരിക്കുന്നു. കുട്ടികളെ വായനയുടെ അറിവിന്റെ വലിയ ലോകത്തിലേക്ക് കൊണ്ടുവരാനും വായനയുടെ മഹത്വത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുവാനുമാണ് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ' സൃഷ്ടി 2024' എന്ന പേര് നൽകിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഈ മാഗസിനിൽ കുട്ടികൾ എഴുതിയ കഥകളും,കവിതകളും, ഡോക്യുമെന്ററികളും, പ്രശസ്തരായ വ്യക്തികളുടെ ജീവിതകഥകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മാഗസിൻ കുട്ടികളെ കൂടുതൽ വായിക്കാൻ പ്രേരിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാവരും ഈ മാഗസിനെ സന്തോഷപൂർവ്വം ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

~ ചീഫ് എഡിറ്റർ



# ആശംസകളോടെ

ശാസ്ത്ര സാങ്കേതികവിദ്യയിൽ നാം അനുദിനം മുന്നേറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് നിന്നും കുട്ടികൾ ഇതിന്റെ പുത്തൻ അറിവുകളും,ഊർജ്ജവും നേടേണ്ടിയിരിക്കുന്നു.അതിന് ഉപയുക്തമായ പൊതു വിദ്യാഭ്യാസ വകുപ്പ് മേൽനോട്ടം നിർവഹിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ '**സൃഷ്ടി 2024**' ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.വിവരസാങ്കേതികവിദ്യയിൽ മുന്നേറുവാൻ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികൾക്കാവട്ടെ എന്ന് ആശംസിക്കുന്നു.

ഭാവുകങ്ങളോടെ

ഹെഡ്മിസ്ട്രസ്സ്,

**ശ്രീമതി.സുമ എബ്രഹാം**

.................................

# ഐക്യമത്യം മഹാബലം

പ്രാവുകൾ കൂട്ടത്തോടെ വസിക്കുകയാണ്. പ്രാവിനെ ഒറ്റയ്ക്ക് കാണുന്നത് അസാധാരണമാണ്. വേട്ടക്കാർക്കതറിയാം അതുക്കൊണ്ട് തന്നെ പ്രാവിനെ പിടിക്കാൻ വല വെയ്ക്കുമ്പോൾ വേട്ടക്കാർക്ക് പ്രാവുകളെ ധാരാളമായി ലഭിക്കാറുണ്ട്. ഇത് അത്തരത്തിലുള്ള കഥയാണ്.
ഒരിക്കൽ ഒരു വേട്ടക്കാരൻ പ്രാവുകളെ പിടിക്കാനായി നെൽ വയലിനു അരികിൽ ഒരു വല വിരിച്ചിരുന്നു.അടുത്തുള്ള ഒരു ഉയർന്ന ആൽ മരത്തിന്റെ ശിഖരത്തിൽ അയാൾ കാത്തിരുന്നു.ഉടൻ തന്നെ ഒരു കൂട്ടം പ്രാവുകൾ നെൽമണി കൊത്തി തിന്നുവാനായി വയലിലേക്ക് പറന്നിറങ്ങി വരുന്നു. എല്ലാ പ്രാവുകളും വലയ്ക്കു ഉള്ളിലായി. അടുത്തതെന്ത് സംഭവിക്കുമെന്ന് അറിയാതെ അവ ഭയപ്പെട്ടിരുന്നു. ആ കൂട്ടത്തിൽ ബുദ്ധിമാനായ ഒരു പ്രാവുണ്ടായിരുന്നു. അവൻ പറഞ്ഞു "ചങ്ങാതിമാരെ, നാം ഭയപ്പെടരുത്, ധീരരാകണം. നമ്മുക്ക് ഒന്നിച്ചു പ്രവർത്തിക്കാനുള്ള സമയമായിരിക്കുന്നു.നാം എല്ലാം ഒന്നിച്ചു പറന്നുയരുക. ഒരുമിച്ചു ചിറകടിക്കുക. ഇതും പറഞ്ഞു കൊണ്ട് സമർത്ഥനായ ആ പ്രാവ് തന്റെ ചിറകുകൾ ആത്തു വീശുവാൻ തുടങ്ങി. മറ്റുള്ളവരും ഒപ്പം ചേർന്നു. പെട്ടന്നു തന്നെ അവരുടെ ചിറകടികൾക്ക് ഒരു താളം കൈവരുകയും എല്ലാവരും ഒരുമിച്ചുയരുവാനും തുടങ്ങി.അവയുടെ ചലനങ്ങൾ വേഗതയേറി തുടങ്ങിയപ്പോൾ വല നെടുകെ കീറി പോയി. പ്രാവുകൾ എല്ലാം സ്വതന്ത്രരായി. അവർ സന്തോഷത്തോടെ പറന്നു പോയി. ഈ കഥയുടെ ഗുണപാഠം നാം ഏവരും ഒറ്റക്കെട്ടായി നിന്നാൽ ഏതു പ്രതിസന്ധിയും നേരിട്ടു വിജയം കൈവരിക്കാൻ സാധിക്കും. ഇതിനു ഉദാഹരണമാണ് 2018-ലെ പ്രളയവും 2019-202 കൊറോണയും നാം ഒരുമിച്ചു നേരിട്ടത്.

~ സ്നേഹ ലക്ഷ്മി
VIII D





# പടയണിയിലൂടെ



കേരളത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ പ്രതീകങ്ങളിലൊന്നായി ഭഗവതി ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചു വരുന്ന കലാരൂപമാണ് പടയണി.
നാടക സ്വഭാവമുള്ള കലയാണ് പടയണി. വിളവെടുപ്പിനോട് അനുബന്ധിച്ചാണ് ഇത് നടത്തുന്നത്. പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പടയണി നടത്താറുണ്ട്. കേന്ദ്ര ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കടമ്മനിട്ട ഗ്രാമം കേരളത്തിലെ പ്രമുഖ പടയണി പരിശീലന കേന്ദ്രമാണ്.

ഞാൻ രണ്ടു വർഷമായി ഇവിടെ പടയണി അഭ്യസിക്കുന്നു. കേരള ഫോക്ലോർ അക്കാദമിയുടെ 2021 നാടൻ കലാപുരസ്കാരം ജേതാവായ കടമ്മനിട്ട രഘുകുമാർ ആണ് എന്റെ ഗുരുനാഥൻ. പടയണിയിൽ പലതരത്തിലുള്ള കോലങ്ങൾ ഉണ്ട്. പടയണിയിലെ പ്രധാന കോലങ്ങളായ യക്ഷികോലം, മറുത, ഗണപതി എന്നിവയാണ് ഞാൻ പഠിക്കുന്നത്. ഇതിൽ ഞാൻ ഏറെ ഇഷ്ടപ്പെടുന്നത് മറുത കോലമാണ്. ആഴ്ചയിൽ നാല് ദിവസം വൈകുന്നേരം ഏഴ് മുതൽ ഒൻപതു മണി വരെയാണ് പരിശീലനം. കളരിയിൽ ഗുരുനാഥനും പാട്ടു പാടുന്നവരും ഉണ്ട്. ആശാൻ ഓരോ കോലങ്ങളുടെയും ചുവട് പാട്ടിനു അനുസരിച്ചു തുള്ളി പഠിപ്പിക്കും. തപ്പ് എന്ന വാദ്യോപകരണമാണ് ഇതിനു ഉപയോഗിക്കുന്നത്. പടയണിയിലെ കോലങ്ങൾ ഉണ്ടാക്കുന്നത് പ്രഗത്ഭരായ കലാകാരന്മാരാണ്. കമുകിൻ പാള കലാഭംഗിയോടെ ആകൃതിയിൽ ചെത്തിയെടുത്ത് പച്ച ഈർക്കിൽ കൊണ്ട് കൂട്ടിയോജിപ്പിച്ചു ഭംഗിയോടെ മുറിച്ചെടുത്ത കുരുത്തോലയും, കമുകിൻ പൂക്കുലയും,പൂമാലകളും അലങ്കരിച്ചു ചെങ്കല്ല്, കരി, മഞ്ഞൾ എന്നിവ കൊണ്ട് ചായക്കൂട്ടുകൾ ഉണ്ടാക്കി രൂപങ്ങളിൽ വരക്കുന്നു.

മേട മാസം ഒന്നാം തീയതിയാണ് പടയണി ഉത്സവം ആരംഭിക്കുന്നത്. അർദ്ധരാത്രി ആണ് പടയണി അരങ്ങേറുന്നത്. തപ്പിന്റെയും പാട്ടിന്റെയും ചെണ്ടയുടെയും കൈമണിയുടെയും താളത്തിൽ ആണ് പടയണി തുള്ളുന്നത്. ആദ്യ ദിവസങ്ങളിൽ സാധാരണ കോലങ്ങൾ അരങ്ങേറുന്നു. ആറാം ദിവസമാണ് വലിയ പടയണി അന്ന് എല്ലാ കോലങ്ങളും അരങ്ങേറും. ഞാൻ കോലങ്ങളെല്ലാം പഠിച്ചു കഴിഞ്ഞു. ഈ വർഷം ആണ് അരങ്ങേറ്റം കുറിക്കുന്നത്.



# കാലൻക്കോലം





## മറുതക്കോലം

കാഞ്ഞിരമാലയണിഞ്ഞവൾ നീയേ
കാഞ്ഞിരത്തേൽക്കുടി കൊൾവവൾ നിയേ
നെറ്റീച്ചന്ദനം തൊട്ടുവവൾ നീയേ
യവ്വരിയാടയുടുപ്പവൾ നീയേ
കുത്തിയുതിരം കൂടിപ്പവൾ നിയേ
കൂടൽ കൊണ്ടു മാലയണിന്തവൾ നീയേ
വാളു വലങ്കയ്യിൽ കൊൾവവൾ നീയേ
കോളിയിടങ്കയ്യിൽ കൊൾവവൾ നീയേ....



## യക്ഷിക്കോലം

ഒരു കാതം വഴിവിട്ടിട്ടിടം തനേതാവെരക്ഷിമാർക്ക്
ഒരു ബലി മാലതരാം വന്നു തുള്ളോയിക്കളത്തിൽ
ഇരു കാതം വഴിവിട്ടിട്ടിടം തരേന്താരെക്ഷിമാർക്ക് ഇരു ബലി
മാല തരാം വന്നു തുള്ളായിക്കളത്തിൽ
മൂക്കാതം വഴിവിട്ടിട്ടിടം തന്തോരെക്ഷിമാർക്ക്
മുല്ലപ്പൂമണമുണ്ടെന്നറിയാകുന്നേ
നാക്കാതം വഴിവിട്ടിട്ടിടം തന്തോരെക്ഷിമാർക്ക്
ആമ്പൽപ്പൂമാല തരാം വന്നുതുള്ളോയിക്കളത്തിൽ ഓരോരോ
മണം കേട്ട് ബാധിച്ചോരെക്ഷിമാർക്ക് ഓരോരോ
മണമുണ്ടെനറിയാകുനേ...

# ഭൈരവി



# പക്ഷിക്കോലം



~ഗൗതം കൃഷ്ണ
IX B

# പൊതു വിവരം
# പെൻഗ്വിൻ



സോഹൻ മാത്യു
IX B

പെൻഗ്വിനുകൾ പക്ഷികളാണ്, എന്നാൽ മിക്ക പക്ഷികളിൽ നിന്നും വ്യത്യസ്തമായി അവയ്ക്ക് പറക്കാൻ കഴിയില്ല. പറക്കാനാവാത്ത 40 ഇനം പക്ഷികളിൽ ഒന്നാണിത്. ഭൂരിഭാഗം പെൻഗ്വിനുകളും തെക്കൻ അർദ്ധഗോളത്തിലാണ് താമസിക്കുന്നത്. ഉത്തരധ്രുവത്തിൽ പെൻഗ്വിനുകളൊന്നും താമസിക്കുന്നില്ല. അവർ വളരെ സാമൂഹികവും കോളനികളിൽ താമസിക്കുന്നതുമാണ്. വെള്ളത്തിലൂടെ നീന്താൻ തുഴയെപ്പോലെ ചിറകുകൾ ഉപയോഗിക്കുന്ന മികച്ച നീന്തൽക്കാരാണ് ഇവർ. ശ്വസിക്കാൻ ഉപരിതലത്തിലേക്ക് വരുന്നതിന് മുമ്പ് അവർക്ക് 10-15 മിനിറ്റ് വെള്ളത്തിനടിയിൽ നിൽക്കാൻ കഴിയും. അവർക്ക് വെള്ളത്തിനടിയിൽ ശ്വസിക്കാൻ കഴിയില്ല.അവയുടെ പാദങ്ങൾ ചെറുതായതിനാൽ മഞ്ഞുപാളിയിൽ നിൽക്കുമ്പോൾ ചൂട് അധികമാകില്ല. ഒത്തുകൂടിയും ചുറ്റിക്കറങ്ങിയും അവർ പരസ്പരം ഊഷ്മളമായിരിക്കാൻ സഹായിക്കുന്നു. മത്സ്യവും ക്രില്ലുമാണ് ഇവരുടെ പ്രധാന ആഹാരം. അവർ അവരുടെ ഭക്ഷണത്തോടൊപ്പം ഉരുളൻ കല്ലുകളും വിഴുങ്ങും. കല്ലുകൾ അവരുടെ ഭക്ഷണം പൊടിക്കാനും ദഹിപ്പിക്കാനും സഹായിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. രക്തത്തിൽ നിന്ന് ഉപ്പ് ഫിൽട്ടർ ചെയ്യുന്ന ഒരു പ്രത്യേക ഗ്രന്ഥി ഉള്ളതിനാൽ അവർക്ക് കടൽ വെള്ളം കുടിക്കാൻ കഴിയും. നീന്തുമ്പോൾ മറയ്ക്കാൻ അവയുടെ നിറങ്ങൾ സഹായിക്കുന്നു. മുകളിൽ നിന്ന്, അവരുടെ കറുത്ത പുറം ഇരുണ്ട സമുദ്രത്തിലേക്ക് ലയിക്കുന്നു, താഴെ നിന്ന്, അവരുടെ വെളുത്ത വയറുകൾ ശോഭയുള്ള പ്രതലവുമായി പൊരുത്തപ്പെടുന്നു. വേട്ടക്കാരെ ഒഴിവാക്കാൻ ഇത് അവരെ സഹായിക്കുന്നു.വർഷത്തിലൊരിക്കൽ പെൻഗ്വിനുകൾ ഉരുകുന്നു. മിക്ക പക്ഷികൾക്കും വർഷം മുഴുവനും ഒരേ സമയം കുറച്ച് തൂവലുകൾ നഷ്ടപ്പെടും, എന്നാൽ പെൻഗ്വിനുകൾക്ക് അവരുടെ എല്ലാ തൂവലുകളും ഒറ്റയടിക്ക് നഷ്ടപ്പെടും.തൂവലുകളില്ലാതെ അവർക്ക് നീന്താൻ കഴിയില്ല. തൂവലുകൾ വളരാൻ 2-3 ആഴ്ചയ്ക്കുള്ളിൽ അത് തിന്നും. മുമ്പ് അവർ കൂടുതൽ തിന്നും.

# ജെ കെ റൗലിങ്ങിൻെറ  വിജയഗാഥ



ബൈബിളിൽ വി.മത്തായി എഴുതിയ സുവിശേഷം 25ാം അദ്ധ്യായത്തിൽ 14ാം വാക്യം മുതൽ 30 ാം വാക്യം വരെയുള്ള ഭാഗത്ത് യേശു തൻെറ ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നു . ഒരു യജമാനൻ തൻെറ ദാസന്മാർക്ക് താലന്തുകൾ നൽകുന്നു.ആദ്യത്തെ ദാസന് അഞ്ചു താലന്തും രണ്ടാമത്തെ ദാസന് രണ്ടു താലന്തും മൂന്നാമത്തെ ദാസന് ഒരു  താലന്തും നൽകിയിട്ട് താൻ തിരിച്ചു വരുമ്പോൾ ഇത് ഇരിട്ടി ആക്കുവാൻ പറഞ്ഞു.

യജമാനൻ തിരികെ വരുമ്പോൾ  ആദ്യത്തെ ദാസൻ തൻ്റെ 5 താലന്തുകൾ 10 ആയി ഇരട്ടിപ്പിച്ചു. രണ്ടാമത്തെ ദാസൻ തന്റെ 2 താലന്തുകൾ  4 ആക്കി.പക്ഷേ മൂന്നാമത്  ദാസൻ തൻ്റെ ഒരു താലന്ത് മണ്ണിൽ കുഴിച്ചിട്ടു.  നമുക്ക് ലഭിക്കുന്ന താലന്തു കൾ പുറത്തെടുക്കാതിരിക്കാതെ അതു ഉപയോഗിക്കേണ്ട അവസരങ്ങളിൽ ശരിയായി ഉപയോഗിക്കണം എന്നാണ് ഈ ഉപമ നമുക്ക് നൽകുന്ന ഗുണപാഠം. ഇതുപോലെ തന്റെ  കഴിവുകൾ ശരിയായി രീതിയിൽ ഉപയോഗിച്ച് പ്രതിസന്ധികളിൽ തളരാതെ അതൊരു വെല്ലുവിളിയായി സ്വീകരിച്ച ആ വെല്ലുവിളികളെ അതിജീവിച്ച ലോകപ്രശസ്ത നോവലായ ഹാരി പോട്ട റിന്റെ സൃഷ്ടാവ്
ജെ. കെ  റൗലിങ്ങിന്റെ വിജയകഥയാണ് ഞാൻ ഇവിടെ പങ്കുവെക്കുന്നത്.

ജെ. കെ. റൗലിജിൻ്റെ ജീവിതത്തിൽനേരിട്ട് തോൽവികളിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പിന്റെ തെളിവാണ് 'ഹാരി പോട്ടർ' യൂണിവേഴ്സിറ്റി പഠനം കഴിഞ്ഞപ്പോൾ ജെ കെ റൗലിങ് തന്നെപ്പറ്റി തന്നെ ചിന്തിച്ചത്. താനൊരു



പരാജയമാണെന്ന് തനിക്ക് ജയിക്കാനായില്ലെന്നുമായിരുന്നു. അവളുടെ വിവാഹജീവിതം ഒരു പൂർണ്ണ പരാജയം ആയിരുന്നു തൊഴിൽരഹിതമായി, വിധവയായി ഒരു കുഞ്ഞിനെ കൊണ്ടും ജീവിതം മുന്നോട്ടു നയിക്കാൻ അവൾ ഒരുപാട് കഷ്ടപ്പെട്ടു. ക്ലിനിക്കൽ ഡിപ്രഷൻ എന്ന മാനസികാവസ്ഥ റൗലിങ്ങിനെ പിടിമുറുക്കി. ദാരിദ്ര്യയിലേക്ക് കൂപ്പുകുത്തിയ റൗലിങ് മാനസിക നില തകരാറിലായതിനാൽ പ്രതീക്ഷ നഷ്ടപ്പെട്ട് തോൽവികളിലേക്ക് കൂപ്പുകുത്തി '

എഴുത്തിൽ താല്പര്യമുണ്ടായിരുന്ന റൗലിങ് അതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. റൗലിങ് ധാരാളം എഴുതിയ ഒപ്പം അധ്യാപക പരിശീലനത്തിന് ചേർന്ന് ഗവൺമെൻറ് സഹായം കൊണ്ടാണ് അവൾ ജീവിതം മുന്നോട്ടു കൊണ്ടുപോയത് മകൾക്ക് ഉറങ്ങാൻ പറഞ്ഞു കൊടുത്തിരുന്ന കഥകൾ അവൾ പുസ്തകരൂപത്തിൽ ആക്കി.

ഹാരി പോട്ടർ എന്ന പുസ്തകം 12 പബ്ലിഷിംഗ് കമ്പനികൾ തള്ളിക്കളഞ്ഞു. അവരുടെ പുസ്തകം പ്രസാധനം ചെയ്യാൻ ആരും തയ്യാറല്ലായിരുന്നു. പക്ഷേ 'ഗ്രീൻ ലൈറ്റ് ' എന്ന കമ്പനി ഹാരി പോട്ടർ പുറത്തിറക്കാൻ തയ്യാറായി വളരെ കുറച്ച് പ്രതിഫലം ആണ് അവൾക്ക് അതിന് ലഭിച്ചത്. അവൾ പതിയെപ്പതിയെ വിജയത്തിലേക്ക് ചുവടെ വെച്ചു ധാരാളം പുസ്തകങ്ങൾ വിറ്റഴിഞ്ഞു. നിരവധി അവാർഡുകൾക്ക് ജെ. കെ. റൗലിങ് അർഹരായി അവൾ പ്രശസ്തിയുമായി മാറി. പ്രതിസന്ധികൾ വന്നപ്പോൾ അതൊക്കെ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് ദൃഢനിശ്ചയത്തോടെ, കഠിനാധ്വാനം കൊണ്ട്. ആ വെല്ലുവിളികളെ അതിജീവിച്ച ഒരു ഫീനിക്സ് പക്ഷിയെ പോലെ ഉയർത്തെഴുന്നേറ്റ ഒരു പ്രതിഭയാണ് ജെ.കെ. റൗലിങ്.

~അക്ഷയ വി നായർ IX – A

# പ്രശ്നവും പരിഹാരവും

ഒരിടത്ത് ഒരു നല്ലവനായ രാജാവുണ്ടായിരുന്നു. വളരെ നന്മയും , വിനയവും ഉള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒരിക്കൽ തന്റെ രാജ്യത്ത് ഒരു യുദ്ധം നടന്നു. അദ്ദേഹം യുദ്ധം ജയിച്ചെങ്കിലും, യുദ്ധത്തിനിടയിൽ തന്റെ ഒരു കണ്ണ് അദ്ദേഹത്തിന് നഷ്ടമായി. രാജാവ് ഒത്തിരി വിഷമിച്ചില്ലെങ്കിലും, കുറെ കാലം കഴിഞ്ഞപ്പോൾ രാജാവ് അതിനെപ്പറ്റി മറക്കാൻ തുടങ്ങി.
ഒരിക്കൽ രാജാവ് കൊട്ടാരത്തിൽ കൂടെ നടക്കുമ്പോൾ തന്റെ പൂർവികന്മാരുടെയും രാജാക്കന്മാരുടെയും മനോഹരമായ ചിത്രങ്ങൾ ചുമരിൽ തൂക്കിയിട്ടിരിക്കുന്നത് കണ്ടു. ഇതു കണ്ട രാജാവിന് ഒരാഗ്രഹം, തന്റെ ചിത്രം കൂടെ വരപ്പിക്കണമെന്ന് ' രാജാവ് ചിത്രം വരയ്ക്കാൻ ആളെ ഏർപ്പാടാക്കാൻ കൽപ്പിച്ചു .പല ചിത്രകാരന്മാരും വന്നു പോയി. ആർക്കും അദ്ദേഹത്തിന്റെ ഒരു കണ്ണില്ലാത്ത വികൃതമായ മുഖം വരയ്ക്കാൻ ഇഷ്ടമല്ല. അങ്ങനെ ചെയ്താൽ ചിത്രത്തിന് ഭംഗി ഉണ്ടാകില്ല എന്നാണ് അവർ പറഞ്ഞത്. രാജാവിന് ആകെ സങ്കടമായി........
എന്നാൽ അവരിൽ ഒരുത്തൻ മുന്നോട്ടുവന്നു "രാജാവിന്റെ ചിത്രം ഞാൻ വരയ്ക്കാം".... എന്ന് പറഞ്ഞു.ഇത് കേട്ട് എല്ലാവരും അവനെ വിമർശിച്ചു. "എടാ വിഡ്ഢി ....നീ അദ്ദേഹത്തിന്റെ കണ്ണ് കണ്ടോ.. എന്ത് വികൃതമാണ് മുഖം..
"നീ അത് വരച്ചാൽ രാജാവിന്റെ കയ്യിൽ നിന്ന് വിമർശനമേ ലഭിക്കൂ" എന്നാൽ ഇതൊന്നും അവൻ കാര്യമാക്കിയില്ല. തന്റെ തീരുമാനത്തിൽ തന്നെ അവൻ ഉറച്ചുനിന്നു. രാജാവിനു വളരെ സന്തോഷമായി. അങ്ങനെ രണ്ടു ദിവസത്തിനകം ചിത്രം പൂർത്തിയാക്കി. രാജാവും മറ്റു ചിത്രകാരന്മാരും അത് കാണാൻ അവിടെയെത്തി.
ചിത്രം കണ്ട എല്ലാവരും അതിശയിച്ചു രാജാവ് ഒരു കുതിരപ്പുറത്തിരുന്ന് തന്റെ വികൃതമായ കണ്ണ് അടച്ചുപിടിച്ച് അമ്പും വില്ലും ഉപയോഗിച്ച് ഉന്നം പിടിക്കുന്ന ചിത്രം ആയിരുന്നു അത്. ആ മനോഹരമായ ചിത്രം രാജാവിന് ഒത്തിരി ഇഷ്ടമായി.
എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരമുണ്ട്. അത് ശരിയായി കണ്ടെത്തി പരിഹരിക്കുകയാണ് വേണ്ടത്. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും വരുമ്പോൾ പ്രശ്നങ്ങളിലേക്ക് നോക്കി ദുഃഖിച്ചിരിക്കാതെ അതിനുള്ള പരിഹാരത്തിലേക്കു വേണം നമ്മൾ ശ്രദ്ധ കൊടുക്കാൻ .

~ജെസ്നി കെ ജെയ്മോൻ
9D

........................................................

# തോൽവിയെ വിജയമാക്കിയ എബ്രഹാം ലിങ്കൺ

പരീക്ഷകളിലോ മത്സരങ്ങളിലോ മറ്റ് പങ്കെടുത്ത് പരാജയപ്പെടുമ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുക? പിന്നെയും പരിശ്രമിക്കാൻ ധൈര്യമുണ്ടാകുമോ? പലരും ഒരു വട്ടം പരാജയപ്പെടുമ്പോഴേക്കും പിന്മാറുകയാണ് പതിവ്. എന്നാൽ പരാജയപ്പെട്ടപ്പോഴും വീണ്ടും വീണ്ടും പരിശ്രമിച്ച് അമേരിക്കയുടെ പ്രസിഡന്റായ ഒരാളുടെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ? അതെ, തോൽവികളിൽ തളരാതെ വീണ്ടും പരിശ്രമിച്ച് പ്രസിഡന്റ് ഇലക്ഷൻ വിജയിച്ച അമേരിക്കയുടെ പതിനാറാം പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കന്റെ ആവേശകരമായ, നമുക്കൊക്കെ പ്രചോദനം നൽകുന്ന ജീവിത കഥയാണിത്.

വളരെ ചെറിയ ഒറ്റമുറി വീട്ടിലാണ് ലിങ്കൺ തന്റെ ബാല്യകാലം ചിലവിട്ടത്. കുടുംബ പ്രശ്നങ്ങളെ തുടർന്ന് മാതാപിതാക്കൾ നാടുവിട്ടു. ഈ ഇടയ്ക്കിടെ വച്ചുള്ള സ്ഥലമാറ്റം ലിങ്കന്റെ വിദ്യാഭ്യാസത്തെ ബാധിച്ചു. അവന് ക്ലാസുകൾ നഷ്ടമായി. അവൻ എപ്പോഴും ഒറ്റയ്ക്കായിരുന്നു. അവന്റെ ഒമ്പതാം വയസ്സിൽ ഒരു വിഷബാധയെ തുടർന്ന് അമ്മ മരണപ്പെട്ടു. അതവനെ കടുത്ത നിരാശയിലേക്കാണ് തള്ളിവിട്ടത്. അവനു വായനയോട് താൽപര്യമുണ്ടായിരുന്നു. 19 വയസ്സിൽ അവന്റെ സഹോദരി മരണപ്പെട്ടു.

വിഷബാധയെ തുടർന്ന് ലിങ്കനും കുടുംബവും വേറൊരു നാട്ടിലേക്കു കുടിയേറി താമസിച്ചു. പിന്നീട് ലിങ്കൺ ഒരു കടയിൽ സെയിൽസ്മാനായി ജോലി ചെയ്തു. വായനയിലൂടെ സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് കൂടുതൽ അറിഞ്ഞെങ്കിലും ലിങ്കൻ തൃപ്തനായില്ല.ആ കാലത്ത് നിലനിന്നിരുന്ന അടിമത്തം നിർത്തലാക്കാൻ അദ്ദേഹം സ്വപ്നം കണ്ടു. അതിനു വേണ്ടി അമേരിക്കൻ പ്രസിഡണ്ടായി ഇലക്ഷനിൽ മത്സരിക്കാൻ അദ്ദേഹം തീരുമാനിച്ചു അസംബ്ലിയിലേക്ക് മത്സരിക്കുകയും ചെയ്തു. എന്നാണ് അദ്ദേഹം എട്ടാം സ്ഥാനക്കാരനായി പരാജയപ്പെട്ടു. തുടർന്ന് നിയമം പഠനത്തിനായി പല വിദ്യാലയങ്ങളെ സമീപിച്ചിട്ടും അവരെല്ലാം ലിങ്കനെ അവഗണിച്ചു.


പിന്നീട് ലിങ്കൺ ഒരു സ്റ്റേഷനറി കട ആരംഭിച്ചു. പക്ഷേ അത് ഒരു പൂർണ്ണ പരാജയമായി. തുടർന്ന് അദ്ദേഹം വലിയൊരു കടക്കെണിയിൽ അകപ്പെട്ടു. വീണ്ടും അദ്ദേഹം പ്രസിഡന്റ് ആയി മത്സരിച്ചെങ്കിലും രണ്ടാമനായി പരാജയപ്പെട്ടു. അദ്ദേഹം വീണ്ടും നിരാശയിലായി.താൻ ഒരുപാട് സ്നേഹിച്ചിരുന്ന യുവതിയെ വിവാഹം ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നെങ്കിലും അവൾ അകാലത്തിൽ മരണപ്പെട്ടു.അങ്ങനെ ലിങ്കൺ മെഡിക്കൽ ഡിപ്രഷൻ എന്ന വിഷാദരോഗത്തിന്റെ പിടിയിലായി. നീണ്ട ചികിത്സയിലൂടെയാണ് അദ്ദേഹം ആ രോഗാവസ്ഥയെ തരണം ചെയ്തത്. ഈ നിരന്തരമായുള്ള തോൽവികളുടെയും രോഗത്തിന്റെയും മധ്യേ അദ്ദേഹം ഒരു വക്കീലായി പ്രാക്ടീസ് ചെയ്യാനുള്ള അനുവാദം സുപ്രീംകോടതിയിലൂടെ നേടിയെടുത്തു.

വീണ്ടും തുടർച്ചയായി അദ്ദേഹം ഒരു തവണ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും തോൽക്കുകയും ചെയ്തു. ഇതിനിടയിൽ അദ്ദേഹം വിവാഹിതനായി. എഡി എന്ന നാല് വയസുകാരൻ മകൻ മരണപ്പെട്ടു. മകന്റെ മരണത്തിൽ ലിങ്കനുണ്ടായ വിഷമം വളരെ വലുതായിരുന്നു. തുടർന്ന് മൂന്നുതവണ അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും തോൽക്കുകയും ചെയ്തു.

എന്നാൽ ഈ തോൽവികൾ എല്ലാം

മറികടന്ന് തന്റെ 51 -ാം  വയസ്സിൽ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച് ഏറ്റവും വലിയ വിജയം നേടുകയും, അമേരിക്കയുടെ  പതിനാറാം പ്രസിഡന്റായി ചുമതലയേൽക്കുകയും  തന്റെ സ്വപ്നമായിരുന്ന അടിമത്തം നിർത്തലാക്കുകയും ചെയ്തു.
" ഞാൻ നടക്കുന്നത് പതിയെയായിരിക്കാം, പക്ഷേ ഞാൻ പുറകോട്ട് നടക്കാറില്ല". തുടർച്ചയായി തോറ്റുകൊണ്ടിരുന്നപ്പോൾ ലിങ്കൺ പറഞ്ഞ വാക്കുകളാണിത്.

തോൽവിയെ ഭയക്കാതെ, വീണ്ടും വീണ്ടും പരിശ്രമിച്ച് വിജയം കൈവരിക്കാൻ നമുക്ക് പ്രചോദനം നൽകുന്ന ജീവിത കഥയാണ് എബ്രഹാം ലിങ്കന്റേത്.



~അലീന ഷിബു തോമസ്
IX- C

# തോൽവികളിൽ നിന്ന് ഒരു വിജയം



100 വർഷം മുൻപ് അമേരിക്കയിലെ കനാസ് സിറ്റി സ്റ്റാർ ന്യൂസ് പേപ്പറിന്റെ ഓഫീസ്. കാർട്ടൂണിസ്റ്റിനെ പത്രാധിപർ മുറിയിലേക്ക് വിളിപ്പിച്ചു. വളരെ ആശങ്കയോടെ ഒരു ചെറുപ്പക്കാരൻ ഓഫീസ് മുറിയിൽ എത്തി. അവർ കുറെ നേരം ആ ചെറുപ്പക്കാരനോട് സംസാരിച്ചു.. നിങ്ങളെക്കുറിച്ച് മാനേജ്മെന്റിന് നല്ല അഭിപ്രായമല്ല. ഭാവനയും ആശയവും ഇല്ലെന്നാണു വിലയിരുത്തൽ. ചിരിപ്പിക്കാനും ചിന്തിക്കാനും കാർട്ടൂണുകൾക്കാകണം.അത്തരം ഗുണങ്ങൾ ഒന്നും. അവർ പിന്നെയും എന്തൊക്കെയോ പറഞ്ഞു അവസാനം ആ ചെറുപ്പക്കാരനെ ജോലിയിൽ നിന്ന് പുറത്താക്കി.വളരെ ദുഃഖത്തോടെ അയാൾ ഓഫീസിന്റെ പടിയിറങ്ങി.

9 വർഷങ്ങൾക്കുശേഷം ആണ് പിന്നീട് യുവാവിനെ ലോകം ശ്രദ്ധിക്കുന്നത്.ആ ചെറുപ്പക്കാരന്റെ തലയിൽ പിറവിയെടുത്ത ഒരു കഥാപാത്രം. കാർട്ടൂൺ മേഖലയിലെ ചരിത്രം മാറ്റി കുറിച്ചു.ഈ കഥയിലെ മുഖ്യ കഥാപാത്രം മറ്റാരുമല്ല 'മിക്കി മൗസ്' അദ്ദേഹം മറ്റ് അനേകം കാർട്ടൂൺ കഥാപാത്രങ്ങൾക്ക് ജന്മം നൽകി.

എല്ലാവരും ഒറ്റപ്പെടുത്തിയപ്പോഴും തനിക്ക് ഭാവന ഇല്ലെന്ന പേരിൽ പുറത്താക്കപ്പെട്ടപ്പോഴും വിശ്വാസം കൈവിടാതെ പ്രതിസന്ധികളിൽ തളരാതെ വെല്ലുവിളികളെ അതിജീവിച്ച വാൾട് ഏലിയാസ് ഡിസ്നെ അഥവാ വാൾട്ട് ഡിസ്നിയുടെ വിജയകഥയാണ് ഞാൻ ഇവിടെ പങ്കുവെക്കുന്നത്.

ഷിക്കാഗോയിലെ ഒരു ദരിദ്ര കുടുംബത്തിലാണ്ജനനം. ഭക്ഷണത്തിനു പോലും പ്രയാസം നേരിട്ടിരുന്ന ബാല്യകാലമായിരുന്നു വാൾട്ട് ഡിസ്നിയുടേത്. അതിനാൽ പഠനം ഉപേക്ഷിക്കേണ്ടിവന്നു. ബാല്യകാലത്ത് എല്ലാ സുഖജീവിതവും ഉപേക്ഷിച്ച ദാരിദ്ര്യത്തിന്റെ സങ്കടങ്ങളിലാണ് വാൾട്ട് ഡിസ്നി ജീവിച്ചത്. ചിത്രം വരയ്ക്കുന്നതിന് കഴിവുണ്ടായിരുന്ന ഡിസ്നി മുടിവെട്ടാൻ കാശില്ലാത്തതിനാൽ പ്രതിഫലമായി പുതിയ ഹെയർ സ്റ്റൈലുകൾ ബാർബർക്ക് വരച്ചു നൽകി ജീവിച്ചു. ട്രെയിനുകളിൽ ചായയും കാപ്പിയും ലഘു ഭക്ഷണവും വിറ്റു. ചെയ്യാവുന്ന ജോലികൾ ഒക്കെ ചെയ്തു. വരുമാനത്തിൽ നിന്ന് ഇത്തിരി തുക മാറ്റിവെച്ച് രാത്രിയിൽ ഫൈൻ ആർട്സ് കോളേജിൽ ചിത്രരചന പഠിച്ചു.

താൻ ചെയ്യുന്ന ജോലിയിൽ നിന്നും ലഭിക്കുന്ന വരുമാനം ഒന്നിനും തികയാതെ വന്നപ്പോൾ ഡിസ്നി തന്റെ പതിനാറാമത്തെ വയസ്സിൽ പട്ടാളത്തിൽ ചേരാൻ പോയി. എന്നാൽ പ്രായം തികയാത്തതിനാൽ അവിടെ നിന്നു പുറത്താക്കി. തുടർന്ന് റെഡ് ക്രോസ്സിന്റെ ഡ്രൈവറായി ജോലി ചെയ്തു.

അക്കാലത്താണ് കാർട്ടൂൺ രചനയിൽ താൽപര്യം തോന്നുന്നതും ന്യൂസ് പേപ്പറിൽ ജോലിക്ക് കയറുന്നത്. ആ ജോലിയിൽ നിന്നും പുറത്താക്കപ്പെട്ടതോടെ ചിത്ര വരയുമായി നടന്നു. പിന്നീട് ഡിസ്നി ആനിമേഷനിലേക്ക് ശ്രദ്ധ തിരിച്ചു. ആദ്യം ചെയ്ത ആനിമേഷൻ സിനിമാ കമ്പനികൾക്ക് ഇഷ്ടപെട്ടില്ല. അതിൽ ദുഃഖിതനാവാതെ ഡിസ്നി സ്വന്തമായി ഒരു എലിയെ വരച്ച് അതിന് ജീവൻ നൽകി.

1928ൽ മിക്കി മൗസ് ജനിച്ചു. പിന്നീട് അദ്ദേഹത്തിന് 26 ഓസ്കാർ അവാർഡുകൾ ലഭിച്ചു.

ബാല്യകാലത്ത് ദാരിദ്ര്യത്തിന്റെ സങ്കടങ്ങളിൽ മാത്രം ജീവിച്ച ഡിസ്നിയുടെ ആ ജീവിതാനുഭവങ്ങൾ പിന്നീട് അദ്ദേഹത്തിന്റെ കരിയറിൽ വലിയ മുതൽക്കൂട്ടായി മാറി. തോൽവികളിലൊക്കെ ഓരോ കണ്ടെത്തലുകൾ ഉണ്ടാകുമ്പോഴാണ് തോൽവികൾ വിജയത്തിന്റെ ചവിട്ടുപടികളാകുന്നതെന്ന് വാൾട്ട് ഡിസ്നി തെളിയിച്ചു.

ആൻസി മാത്യു
IX C

# അമ്മ



• അവൻ വീടിന്റെ മുന്നിൽ കോളിംഗ് ബെൽ അടിച്ചു. വാതിൽ തുറന്നു വന്ന യുവതി അവനെ ഒന്ന് നോക്കി മധുരമായി പുഞ്ചിരിച്ചു. "എന്താ മോനേ?" അവരുടെ തേൻ പുരണ്ട ശബ്ദം. അവൻ ആ സ്ത്രീയുടെ തിളങ്ങുന്ന കണ്ണുകളിലേക്ക് ആഴത്തിൽ നോക്കി. നോട്ടം പിൻവലിക്കാതെ അവൻ ഇടറുന്ന ശബ്ദത്തോടെ പറഞ്ഞു "എനിക്ക് വിശക്കുന്നു". ആ സ്ത്രീ അവനെ ദയ പൂണ്ട കണ്ണുകളോട് നോക്കി. പിന്നെ പറഞ്ഞു. "ഇവിടെ ഇരിക്ക് ഞാൻ എന്തെങ്കിലും എടുത്തോണ്ട് വരാം". അവർ തിരിഞ്ഞു നടന്നു. അവൻ ആ ഉമറുത്ത് ഇരുന്ന് ചുമരിൽ ചാരി എന്തോ ആലോചനയിൽ അകപ്പെട്ടു. കുട്ടാ, ഇത് കഴിച്ചോളൂ അവൻ പാത്രത്തിലേക്ക് നോക്കി.ഒന്ന് വിഷമത്തോടെ അവൻ പറഞ്ഞു ഭക്ഷണം ഒന്നും വേണ്ട നിങ്ങൾക്ക് എന്റെ അമ്മയുടെ ഒരു ചായയുണ്ട്. അവൻ ഒന്ന് നിർത്തി. അവന്റെ കണ്ണുകൾ നിറയാൻ തുടങ്ങിയിരിക്കുന്നു. അവനിലെ ചെറിയ കുട്ടി അറിയാതെ പറഞ്ഞു." അമ്മേ എനിക്ക് വിശക്കുന്നു. കുറച്ച് സ്നേഹം വിളമ്പി തരാമോ". അവൻറെ കണ്ണുകളിൽ നിന്നും നീർചാലുകൾ പുറപ്പെട്ടു. കലങ്ങിയ കണ്ണുകളോട് അവൻ ആ സ്ത്രീയെ നോക്കി. അവരുടെ കണ്ണുകളും ഇറാനായി. മൗനം മുറിച്ച് ഉള്ളിൽ നിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ ഉയർന്നു. അവൻ തലതാഴ്ത്തി മെല്ലെ തിരിഞ്ഞു നടന്നു.




..............................................

~ജിന്റോ ഈശോ ബിനോയ്

IX D

# ഒരു വേനൽ അവധിക്കാലം



ഒരു വേനൽ അവധിക്കാലം. രാവിലെ തൻെറ വിട്ടിലെ കൊച്ചുകുളത്തിലുള്ള മീനുകൾക്ക് തീറ്റ കൊടുത്തുകൊണ്ടിരുന്ന അമ്മുവിനെ അമ്മ വിളിക്കുകയാണ്. വിളി കേട്ട്  അമ്മു  അമ്മയുടെ അടുത്ത് ചെന്നു."എന്താ അമ്മേ എന്തിനാ വിളിച്ചത്?" അമ്മ പറഞ്ഞു, " ഇന്ന് നിന്റെ ചെറിയച്ഛനും ചെറിയമ്മയും മോളും ഒക്കെ വരുന്നുണ്ട്.  അതുകൊണ്ട് കടയിൽ പോയി കുറച്ച് പലഹാരം വാങ്ങി കൊണ്ടു വരിക" .അമ്മു കടയിലേക്ക് പോയി അമ്മുവിന് ഒരുപാട് സുഹൃത്തുക്കളുണ്ട് , വഴിവക്കിലെ പൂക്കൾ, ചെടികൾ, കിളികൾ ഇതെല്ലാം അമ്മുവിന്റെ കൂട്ടുകാരാണ്. പലഹാരം വാങ്ങി തിരിച്ചുവരുന്ന അമ്മുവിന്റെ മുമ്പിൽ ഒരു കാർ വന്നു നിന്നു. അത് അവളുടെ ചെറിയച്ഛന്റെ കാറാണ്. കാറിന്റെ ഡോർ തുറന്ന് അവളുടെ ചെറിയച്ഛൻ പറഞ്ഞു "എന്താ അമ്മു മോളെ സാധനം വാങ്ങാൻ വന്നതാണോ, കയറിക്കോ നമുക്ക് ഒരുമിച്ച് പോകാം"  സന്തോഷത്തോടെ അവൾ കാറിൽ കയറി. അതിൽ അവളുടെ ചെറിയമ്മയും മകൾ ലച്ചുവും ഉണ്ടായിരുന്നു. ചെറിയമ്മ അമ്മുവിനോട് സംസാരിച്ചു പക്ഷേ ലച്ചു സംസാരിച്ചില്ല. കയ്യിലുള്ള ടാബ് നോക്കി ഗെയിം കളിക്കുകയായിരുന്നു. വീട്ടിലെത്തിയപ്പോൾ അമ്മുവിന്റെ അമ്മയും അച്ഛനും കാത്തിരിക്കുകയായിരുന്നു അവർക്ക് വേണ്ടി. ഉച്ചയ്ക്ക് ഊണ് കഴിഞ്ഞു അച്ഛനും അമ്മയും ചെറിയച്ഛനും ചെറിയമ്മയും ഒക്കെ അവരുടെ സംസാരത്തിൽ മുഴുകി. അപ്പോൾ ചെറിയമ്മ ലച്ചുവിനോട് പറഞ്ഞു "ലച്ചു അമ്മുവിന്റെ കൂടെ പോയി കളിച്ചോ" അമ്മു  ലച്ചുവിനോട് പറഞ്ഞു  "വാ , ലച്ചു  നമുക്ക് പോകാം" അമ്മു ലച്ചുവിനെ വിളിച്ചുകൊണ്ട് പോയി. പോകും വഴിക്ക് ലച്ചു അമ്മുവിനോട് പറഞ്ഞു. ഞാനൊന്നും വരുന്നില്ല നിൻെറ  കൂടെ, ഞാൻ എൻെറ ടാബ് വെച്ച് ഗെയിം കളിച്ചോളാം. നീ പോ... അമ്മുവിന് അത് കുറച്ചു വിഷമമുണ്ടാക്കി പക്ഷേ അവൾ അത് ആരോടും പറഞ്ഞില്ല. പിറ്റേദിവസം രാവിലെ അമ്മ അമ്മുവിനോട് പറഞ്ഞു അമ്മു  "ലച്ചുവിന് നീ ചായ കൊണ്ട് കൊടുക്ക്  അവൾ ഇതുവരെ എഴുന്നേറ്റില്ല" അമ്മു ചായയുമായി പോയി. ലച്ചു എഴുന്നേറ്റിട്ടില്ല. അതുകൊണ്ട് അമ്മു ചായ മേശപ്പുറത്ത് വച്ചു. അമ്മു ലച്ചുവിന്റെ ടാബ് എടുത്തു നോക്കി അത് കണ്ട്. ലച്ചു എഴുന്നേറ്റു തന്റെ ടാബ് എടുത്തതിൻെറ  പേരിൽ ലച്ചു അമ്മുവിനെ വഴക്ക് പറഞ്ഞു. സങ്കടം സഹിക്കാൻവയ്യാതെ അമ്മു പോയി കുറേ നേരം കരഞ്ഞു. രാവിലത്തെ പ്രാതൽ കഴിഞ്ഞ് ലച്ചു വീണ്ടും ടാബ് എടുത്തു. അപ്പോൾ ഒരു വെള്ളരി  പ്രാവ് വീടിനകത്ത് പറന്നുവന്നു അതിനെ കണ്ട   കൗതുകത്തിൽ ലച്ചു അതിന്റെ പുറകെ പോയി. അപ്പോൾ അത് പറന്നുപോയി. ലച്ചു അമ്മുവിന്റെ അമ്മയോട് ചോദിച്ചു.

"ഏതാ ആ പ്രാവ് ? അമ്മ പറഞ്ഞു അത് അമ്മുവിന്റെയാണെന്ന്. ആ പ്രാവിന് അമ്മുവിനെ വലിയ ഇഷ്ടമാണ്. അതിപ്പോൾ അമ്മുവിന്റെ മുറിയുടെ അടുത്ത് കാണും. ലച്ചു ആ പ്രാവിനെ കാണാൻ അമ്മുവിന്റെ മുറിയുടെ അടുത്ത് പോയി - അമ്മുവിന്റെ ജനാലയുടെ അടുത്ത് വന്ന പ്രാവിനോട് അമ്മു തന്റെ വിഷമങ്ങൾ പറഞ്ഞു. അതു കണ്ട് ലച്ചുവിന് സങ്കടം തോന്നി. ലച്ചു അമ്മുവിനോട് പറഞ്ഞു. "സോറി , ഞാൻ നിന്നോട് വെറുതെ വഴക്കിട്ടു. പിന്നെ ഈ പ്രാവിനെ എന്നെയും കൂടെ പരിചയപ്പെടുത്താമോ'_അപ്പോൾ അമ്മുവിന് വളരെ സന്തോഷം തോന്നി അവൾ തന്റെ പ്രാവിനെയും, കുയിലിനെയും, പൂച്ചക്കുട്ടിയെയും ഒക്കെ ലച്ചുവിന് പരിചയപ്പെടുത്തി കൊടുത്തു. അങ്ങനെ അവർ നല്ല സുഹൃത്തുക്കളായി. പാടത്തും പറമ്പിലും ഒരുപാട് സ്ഥലത്ത് അവർ കളിച്ചും രസിച്ചും നടന്നു. അങ്ങനെ ദിവസങ്ങൾ പോയതറിഞ്ഞില്ല. അവസാനം ലച്ചുവിന് പോകാനുള്ള ദിവസമായി വളരെ സങ്കടത്തിലായിരുന്നു ലച്ചുവും അമ്മുവും ' ഇനിയും അടുത്ത അവധിക്കാലത്ത് വരാമെന്ന് പറഞ്ഞ് ലച്ചു അമ്മുവിനോട് യാത്ര പറഞ്ഞു. അപ്പോൾ അമ്മു തന്റെ മഞ്ചാടിക്കുരു മുഴുവനും ലച്ചുവിന് കൊടുത്തിട്ട് പറഞ്ഞു. "ഇത് എണ്ണി കഴിയുമ്പോഴേക്കും അടുത്ത അവധിക്കാലം വരും അപ്പോൾ നമ്മൾക്കു കാണാം." അങ്ങനെ പറഞ്ഞ് അവർ കാത്തിരിക്കുകയാണ് അടുത്ത അവധികാലത്തിനുവേണ്ടി.

~അബീയ മാത്യു
**8A**

# കന്യാകുമാരിയിലേക്ക്



എന്റെ കുടുംബത്തോടൊപ്പം കന്യാകുമാരിയിലേക്ക് ഒരു യാത്ര. അന്നേദിവസം രാവിലെ 5:30യോടുകൂടി ഞങ്ങൾ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തി. 5.30 നു ട്രെയിൻ സ്റ്റേഷനിൽ നിന്നും പുറപ്പെട്ടു. യാത്ര തുടങ്ങിയപ്പോൾ ഞങ്ങൾ എല്ലാവരുടെയും മുഖത്ത് സന്തോഷം നിറഞ്ഞിരുന്നു. ആ സന്തോഷം അധികനേരം നിന്നില്ല. കാരണം ഞങ്ങളുടെ ട്രെയിൻ തിരുവനന്തപുരം പാറശ്ശാല വരെ ഉണ്ടായിരുന്നുള്ളൂ. മുന്നോട്ടുള്ള ട്രെയിൻ പാളം തകർന്നിരുന്നു.

പിന്നീട് ഞങ്ങൾ കന്യാകുമാരി ലക്ഷ്യമാക്കി ബസ്സിൽ യാത്ര തുടർന്നു. തമിഴ്നാടിന്റെ താരതമേന്യ ചെറിയ ഒരു ജില്ലയാണ് കന്യാകുമാരി. എന്നിരുന്നാലും ഇന്ത്യയുടെ ടൂറിസംഭൂപടത്തിൽ കന്യാകുമാരിയുടെ പ്രാധാന്യം വളരെ വലുതാണ്. കന്യാകുമാരിയിൽ എത്തിയ ഞങ്ങൾ താമസിച്ചത് വിവേകാനന്ദ കേന്ദ്രയിൽ ആയിരുന്നു. വളരെ വൃത്തിയും മനോഹരവും കണ്ണിനു കുളിർമയും തോന്നിയ ഒരു വിശ്രമ കേന്ദ്രം ആയിരുന്നു വിവേകാനന്ദ കേന്ദ്രം.

ഞങ്ങൾ പിറ്റേന്ന് അതിരാവിലെ തന്നെ കുളിച്ച് സൂര്യോദയം കാണാൻ പുറപ്പെട്ടു നമ്മൾ പറഞ്ഞു കേട്ടിട്ടുള്ള സൂര്യോദയം....... അത് എങ്ങനെ വിവരിക്കണം എന്നറിയില്ല. വളരെ പൊട്ടുപോലെ തെളിഞ്ഞ് കത്തി ജോലിക്കുന്ന തീ ഗോളമായി സൂര്യൻ ഉദിച്ചുയരുന്നത് ഞങ്ങൾ നോക്കി നിന്നു. കന്യാകുമാരിയുടെ ആദ്യത്തെ ആകർഷണകേന്ദ്രം വിവേകാനന്ദ പാറയാണ്. കന്യാകുമാരി ബീച്ചിൽ നിന്ന് 500 മീറ്റർ അകലെ കടലിൽ സ്ഥിതി ചെയ്യുന്ന രണ്ട് പാറകളിൽ ഒന്നാണ് വിവേകാനന്ദപ്പാറ.

സ്വാമി വിവേകാനന്ദന്റെ നിൽക്കുന്ന പ്രതിമ സ്ഥിതി ചെയ്യുന്ന വിവേകാനന്ദ മണ്ഡപത്തിലേക്ക് ഞങ്ങൾ ബോട്ട് മാർഗ്ഗം എത്തി. വിവേകാനന്ദ പാറയ്ക്ക് സമീപമായി സ്ഥിതി ചെയ്യുന്ന മറ്റൊരു പാറയിലാണ് തിരുവള്ളൂർ പ്രത്രിമ സ്ഥാപിച്ചിരിക്കുന്നത്. പിന്നീട് ഞങ്ങൾ സൂര്യാസ്തമയം കണ്ടു മടങ്ങി .

ഞങ്ങളുടെ യാത്രയുടെ മൂന്നാം ദിവസം ഞങ്ങൾ പതിനേഴാം (17-ാം) നൂറ്റാണ്ടിലെ അതിപുരാതനമായ ശുചീന്ദ്രം ക്ഷേത്രവും സന്ദർശിച്ചു. തമിഴ്നാടിന്റെ ഭാഗമാകുന്നതിന് മുമ്പ് തിരുവിതാംകൂറിൽ ആയിരുന്നു ഈ മഹാക്ഷേത്രം ക്ഷേത്രത്തിലുള്ള ഇരുപതടി ഉയരമുള്ള ഹനുമദ്വിഗ്രഹം പ്രസിദ്ധമാണ്.മൂന്ന് ദിവസത്തെ കന്യാകുമാരിയിലെ താമസത്തിനു ശേഷം ഞങ്ങൾ എല്ലാവരും സന്തോഷത്തോടെ ഉച്ച കഴിഞ്ഞ ട്രെയിനിന് നാട്ടിലേക്ക് മടങ്ങി.

~മഹേശ്വർ ക്രിഷ്ണ
IX A

# പഴഞ്ചൊല്ലുകൾ

1. കരയടുക്കുമ്പോൾ തുഴയിട്ട് കളയല്ലേ
2. പുരയ്ക്കു മീതെ വെള്ളം വന്നാൽ  അതുക്ക് മേലെ തോണി
3. അണ്ണാറക്കണ്ണനും തന്നാലായത്
4. വിനാശകാലേ വിപരീതബുദ്ധി
5. ആർക്കാനും ഇരുമ്പടിയ്ക്കും അവനവനു തവിട് ഇടിയ്ക്കുകയില്ല
6. ആർക്കാനും വേണ്ടി ഓക്കാനിക്കുക
7. കയ്യിൽ നിന്നും വീണാൽ എടുക്കാം വായിൽ നിന്നും വീണാൽ എടുത്തൂടാ
8. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
9. മുറിവൈദ്യൻ ആളെകൊല്ലും
10. കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണം

അർപ്പിത നായർ
VIII A

# ഊട്ടിയിലേക്കൊരു യാത്ര



യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു ഇത്തവണത്തെ ക്രിസ്തുമസ് അവധിയ്ക്കാണ് ടി.വിയിലും യുട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്കൊരു യാത്ര പോയത് ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പടെ ഒമ്പത് പേരടങ്ങുന്ന സംഘവുമായി ഒരു ഫോർച്യൂണർ കാറിൽ ആയിരുന്നു ഞങ്ങൾ ഡിസംബർ 25ന് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടത്. ഞാൻ കാറിന്റെ ജനാലയ്ക്കരികെ തന്നെ.. സീറ്റ് പിടിച്ചു.. എട്ടുമണിയായപ്പോൾ ഞങ്ങൾ പോകു ന്ന വഴിയരികിലെ ഒരു ഹോട്ടലിൽ പ്രാതൽ കഴിക്കാൻ കയറിയിരുന്നു . കഴിച്ചു കഴിഞ്ഞതിനു ശേഷം ഞങ്ങൾ ഫോട്ടൊ എടുക്കാൻ മലമുകളിൽകയറി. ഒൻപതു മണിയായപ്പോൾ ഞങ്ങൾ ഊട്ടിലെത്തി. റോസ് ഗാർഡൻ, ബൊട്ടാണിക്കൽ ഗാർഡൻ, തടാകത്തിലെ ബോട്ടുയാത്ര എന്നിവ മറക്കാനാവാത്ത അനുഭവമാണ്. അതിനു ശേഷം ഞങ്ങൾ സ്റ്റേ ചെയ്യാൻ റിസോർട്ട് എടുത്തു. അവിടുന്നുള്ള എല്ലാ കാഴ്ച്ചകളും കണ്ട് ഞങ്ങൾ പതുക്കെ മലമുകളിൽ നിന്ന് താഴേക്ക് ഇറങ്ങി വീടിനെ ലക്ഷ്യം വെച്ചു നീങ്ങി.




~RAZOOL RAWTHER
8A

# ചുറ്റിലും കണ്ണോടിക്കൂ

ഒരു ഗ്രാമത്തിൽ കുട്ടൻപിള്ള എന്ന പേരുള്ള വലിയൊരു ഈശ്വര വിശ്വാസി ഉണ്ടായിരുന്നു. ദൈവത്തിൽ അമിതമായി വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം.

ഒരിക്കൽ ആ ഗ്രാമത്തിൽ ഒരു വലിയ മഴ പെയ്തു. അടുത്തുള്ള പുഴയിൽ വെള്ളം കയറി, വലിയ പ്രളയം ഉണ്ടായി. വെള്ളം കൂടി വരുന്നു എന്ന് മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് വന്നുകൊണ്ടിരുന്നു..... അപ്പോൾ അവിടെ വലിയൊരു വാഹനം വന്നു അവിടെ താമസിച്ചിരുന്ന ആൾക്കാരെ മാറ്റി പാർപ്പിക്കാൻ . ആ വാഹനം കുട്ടൻപിള്ളയുടെ വീടിന്റെ മുമ്പിൽ വന്നു. അതിൽ ഇരുന്നു ഒരാൾ പറഞ്ഞു, "ചേട്ടാ.... കയറിക്കോളൂ വെള്ളം കയറിവരികയാണ്, ഈ ഗ്രാമം ഉടനെ മുങ്ങും..." ഇത് കേട്ട് കുട്ടൻപിള്ള '  "വേണ്ട, ഞാൻ വലിയ വിശ്വാസിയാണ്, എനിക്ക് ദൈവത്തിൽ നല്ല വിശ്വാസമുണ്ട്, ദൈവം എന്നെ കാത്തുകൊള്ളും..."



കുറച്ചു കഴിഞ്ഞപ്പോൾ വെള്ളം കുറച്ചു കൂടി ഉയർന്നു കുട്ടൻപിള്ള മുകളിലത്തെ നിലയിലേക്ക് മാറി.

അപ്പോൾ ഒരു വള്ളത്തിൽ കുറച്ചുപേർ വന്നു പറഞ്ഞു, നിങ്ങൾ അപകടത്തിലാണ് ചേട്ടാ... വേഗം ഈ വെള്ളത്തിൽ കയറിക്കൊള്ളൂ..."
പക്ഷെ, കുട്ടൻപിള്ള പറഞ്ഞു , നിങ്ങൾ പേടിക്കേണ്ട, എത്ര വെള്ളം വന്നാലും ദൈവം എന്നെ നോക്കിക്കോളും. നിങ്ങൾ പൊയ്ക്കോ...."
ഇത് കേട്ട് അവർ വള്ളവും കൊണ്ട് മറ്റു ഇടങ്ങളിലേക്ക് പോയി.

കുറച്ചു കഴിഞ്ഞപ്പോൾ വെള്ളം ഉയരാൻ തുടങ്ങി അപ്പോൾ അയാൾ വീടിന്റെ ഏറ്റവും മുകളിൽ കയറി നിൽക്കുവാൻ തുടങ്ങി. അപ്പോൾ അതുവഴി ഒരു ഹെലികോപ്റ്റർ വരികയും അതിലെ പൈലറ്റ് ഇയാളെ കാണുകയും ചെയ്തു. പൈലറ്റ് ഹെലികോപ്റ്ററിൽ നിന്ന് ഒരു വലിയ ഏണി ഇറക്കി കൊടുത്തു അതിൽ കൂടി കയറി വരാൻ പറഞ്ഞു.

"എന്നാൽ കുട്ടൻപിള്ള പറഞ്ഞു" നിങ്ങൾ പേടിക്കേണ്ട പൊയ്ക്കോളൂ ഞാൻ ഒരു വിശ്വാസിയാണ്, ദൈവം എന്നെ

നോക്കിക്കോളും അങ്ങനെ ആ ഹെലികോപ്റ്റർ മറ്റു സ്ഥലത്തുള്ള ആൾക്കാരെ രക്ഷിക്കാൻ അവിടെ നിന്നും പോയി  കുറച്ചു കഴിഞ്ഞപ്പോൾ വെള്ളം വീണ്ടും ഉയരാൻ തുടങ്ങി കുട്ടൻപിള്ളയ്ക്ക് ആ വീടിൻെറ മുകളിൽ നിൽക്കാൻ പറ്റാതെ യായി. അപ്പോൾ അയാൾ ദൈവത്തോട് ചോദിച്ചു "ഞാൻ ഇത്ര വലിയ വിശ്വാസിയായിട്ടും അങ്ങ് എന്നെ രക്ഷിക്കാത്തത് എന്താണ് ? ഞാൻ ഇവിടെ കിടന്നു മരിച്ചു പോയിക്കോട്ടെ എന്നാണോ അങ്ങ് ആഗ്രഹിക്കുന്നത്.

ദൈവം ഉടനെ അവിടെ പ്രത്യക്ഷപ്പെട്ട് കുട്ടൻപിള്ളയോട് പറഞ്ഞു. ഞാൻ നിനക്ക് രക്ഷപ്പെടാൻ ഒരു വലിയ വാഹനവും, ഒരു

വള്ളവും പിന്നീട് ഒരു ഹെലികോപ്റ്ററും അയച്ചു തന്നു. എന്നിട്ടും നിങ്ങൾ        അതിൽ കയറിയില്ല. ഇതിൽ കൂടുതൽ ഞാൻ എന്താണ് നിനക്ക് ചെയ്തു തരേണ്ടത് ?



പലപ്പോഴും നമ്മൾ ഒരു പ്രശ്നത്തിൽ ഇരിക്കുമ്പോൾ പലരും നമ്മളെ സഹായിക്കാൻ വരാറുണ്ട് പലതരം പരിഹാ          രങ്ങൾ നമ്മുടെ മുമ്പിൽ തന്നെയുണ്ട്. എങ്കിലും അതിൽ ശ്രദ്ധിക്കാനോ അതിനായി പ്രയത്നിക്കാനോ മിനക്കെടാതെ, ഒരു അത്ഭുതത്തിനായി കാത്തിരിക്കുന്നു. ദൈവം ഒരു മാന്ത്രികനല്ല പലർക്കും പ്രശ്നങ്ങൾ വരുമ്പോൾ ദൈവം അവിടെ പരിഹാരത്തിനായി ഓരോ കാര്യങ്ങൾ ഒരുക്കും. അത് കാണാതെ ഇരുന്നാൽ പരിഹാരം കിട്ടുകയില്ല....

" പതിയെ ചുറ്റും കണ്ണോടിക്കുക, നിൻെറ പരിഹാരം നിന്റെ അരികിൽ തന്നെ കാണും.”

ഗോപിക ബിജു
VIII D

## <u>വളർത്തു നായയും ചെന്നായയും</u>



ഒരു ചെന്നായ കാട്ടിലൂടെ
വിശന്നുവലഞ്ഞു
നടക്കുകയായിരുന്നു.
അപ്പോഴാണ് ഒരു വളർത്തു നായ
ആ വഴി വന്നത്.
നീ തടിച്ചുകൊഴുത്ത്
സുന്ദരനായിരിക്കുന്നല്ലോ.
എവിടെ നിന്നാണ് നിനക്ക്
ഭക്ഷണം ലഭിക്കുന്നത്?
ചെന്നായ ചോദിച്ചു.
ജോലിയെടുത്താൽ
നിനക്കും ഭക്ഷണം ലഭിക്കും.
എന്റെ കൂടെ വരാൻ
തയ്യാറാണോ? വളർത്തു
നായ ചോദിച്ചു.
തീർച്ചയായും, പട്ടിണികിടന്നു
ചാവുന്നതിലും നല്ലതല്ലേ
പണിയെടുക്കുന്നത് ?
ചെന്നായ നായയുടെ കൂടെ
യാത്രയായി.
അപ്പോഴാണ് ചെന്നായ ഒരു
കാര്യം ശ്രദ്ധിച്ചത്. വളർത്തു
നായയുടെ കഴുത്തിനു ചുറ്റും
ഒരു വലിയ അടയാളം. ഓ,
അത് രാത്രിയിൽ എന്നെ
കെട്ടിയിടുന്ന ചങ്ങല
വലിഞ്ഞ് ഉണ്ടായ പാടാണ്.
നായ പറഞ്ഞു. ചെന്നായ
തിരിഞ്ഞു നടന്നുകൊണ്ട്
പറഞ്ഞു: ചങ്ങാതീ, ഞാനില്ല
നിന്റെ കൂടെ,
അടിമത്തത്തേക്കാൾ നല്ലത്
പട്ടിണി കിടക്കുന്നതാണ്.

ഗുണപാഠം : സ്വാതന്ത്ര്യം
തന്നെ ജീവിതം

~അർപ്പണ നായർ

VIII B

# ക്വിസ്

1. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന ഭരണാധികാരിയാര്?

2. ഇന്ത്യയിലെ ഹൈടെക് സിറ്റി ഏതാണ്?

3. പാർലമെൻറ് എന്നാൽ ലോകസഭയും രാജ്യസഭയും ____ ഉം ചേർന്നതാണ്?

4. സംഗീതോപകരണങ്ങൾക്കു പ്രസിദ്ധമായ ഇന്ത്യയിലെ ഒരു പട്ടണം ഏതാണ്?

5. പക്ഷികളെക്കുറിച്ചുള്ള പഠനശാഖയുടെ പേരെന്ത്?

Malavika Manoj
IX C

# റാന്നി വഴി ളാഹയിലേക്ക്



എൻറെ പേര് ഡാൻ ബോബി. ഒരു ദിവസം രാവിലെ നല്ല തണുപ്പുള്ള സമയത്ത് ഞങ്ങളെല്ലാവരും ളാഹയിലേക്ക് ഒരു യാത്ര പോയി. കുറെ തോടുകളും വെള്ളച്ചാട്ടങ്ങളും ഒക്കെ കണ്ടു. ചിലയിടത്ത് കുറെ ആളുകൾ മീൻ പിടിക്കുന്നത് കണ്ടു. പലതരത്തിലും നിറത്തിലുമുള്ള പൂക്കൾ ഞാൻ കണ്ടു. വഴിയരികെ ഒരു മൈന ചത്തു കിടക്കുന്നത് ഞാൻ കണ്ടു.
അത് കണ്ടപ്പോൾ എനിക്ക് സങ്കടമായി. അതിനെ നോക്കിയിട്ട് ഞങ്ങൾ യാത്ര പിന്നെയും തുടർന്നു. ധാരാളം വേഴാമ്പലുകളെയും മലയണ്ണാന്മാരെയും കണ്ടു.
വഴിയരികിൽ ധാരാളം ഔഷധ ചെടികളും അലങ്കാര ചെടികളും കണ്ടു. ഉച്ചയ്ക്ക് ഞങ്ങൾ വീട്ടിൽ നിന്ന് കരുതിയിരുന്ന ഭക്ഷണം കഴിച്ചു. ഞങ്ങൾ എല്ലാവരും ഒരു കുന്നിൻ മുകളിൽ എത്തിയപ്പോൾ ഒരു നദി രണ്ടായി ഒഴുകുന്നത് കണ്ടു.
ആ കാഴ്ച എൻെറ മനസ്സിൽ ഒരു ചിത്രം പോലെ ഇപ്പോഴും നിലനിൽക്കുന്നു. ഞങ്ങൾ പിന്നെ വീട്ടിലേക്ക് യാത്ര തിരിച്ചു.യാത്രാമദ്ധ്യേ ധാരാളം സുരക്ഷ മുന്നറിയിപ്പ് ബോർഡുകളും കണ്ടു. അവിടെ ആനക്കൂട്ടത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. ഭാഗ്യത്തിന് ഞങ്ങൾക്കൊന്നും പറ്റാതെ സന്ധ്യ ആയപ്പോഴേക്കും വീട്ടിൽ തിരിച്ചെത്തി. വളരെ നല്ലൊരു അനുഭവമായിരുന്നു.

~ഡാൻ ബോബി
9B

# വെട്ടം



തീരത്തോട് ചേർന്ന്

ഒഴുകും തിര പോലെ
കാലം ഇങ്ങനെ ഒഴുകി അകലവെ
മെല്ലെ തിരിഞ്ഞു നോക്കി ഞാൻ
ആ ഒഴുകി അകന്ന കാൽപ്പാടുകൾ ഒക്കെയും.

നിനച്ചിരിക്കാതെ  നിലാവിനു കൂട്ടായി
അവ ഇനിയും ശേഷിപ്പു പ്രകാശത്തിന് പൊൻ
ത്തിരിയുമായി.......

~നൗഫിയ നൗഷാദ്
9C

# <u>ചിത്ര രചന</u>



# നന്ദി

സൃഷ്ടി 2024 മാഗസിനു വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും നന്ദി..................

